# സ്പീഡ് കുറഞ്ഞ കണക്ഷനിലും യൂട്യൂബ് കാണാം !

[Only google chrome]

നമ്മുടെ നാട്ടിൽ പലർക്കും ഇൻററർനെറ്റ് കണക്ഷനുകളുണ്ടെങ്കിലും യൂട്യൂബ് കാണാൻ അത് ഉപകാരപ്പെടാറില്ല. നെറ്റ് സ്പീഡ് കുറവാണെന്നത് തന്നെ കാരണം. ബ്രോഡ് ബാൻഡ് കണക്ഷനുകളിൽ പോലും ചില സ്ഥലങ്ങളിൽ യൂട്യൂബ് പ്ലേ ആവാതെ കാണാറുണ്ട്. ഇത് പരിഹരിക്കാൻ പല മാർഗ്ഗങ്ങളുണ്ട്. അവയിലൊന്ന് യൂട്യൂബിൻറെ Feather എന്ന സംവിധാനം ആക്ടിവേറ്റ് ചെയ്യുകയാണ്.

ഇതല്ലാതെ ചെയ്യാവുന്ന മറ്റൊരു മാർഗ്ഗമാണ് SmartVideo എന്ന ബ്രൗസർ എക്സ്റ്റൻഷൻ.

ഇതുപയോഗിച്ച് ചില മാറ്റങ്ങൾ സെറ്റിങ്ങ്സിൽ വരുത്തി യൂട്യൂബ് വേഗത്തിൽ കാണാനാവും. ആദ്യം ഇത് ഇൻസ്റ്റാൾ ചെയ്യുക.

തുടർന്ന് സെറ്റിങ്ങുകളുടെ ഒരു പേജ് ലഭിക്കും. അനേകം ഒപ്ഷനുകൾ ഇതിൽ കാണാനാവും.

വീഡിയോകൾ ലൂപ് ചെയ്യുകയോ, സ്മൂത്ത് പ്ലേബാക്ക് ആക്ടിവേറ്റ് ചെയ്യുകയോ ചെയ്യാം. ഉദാഹരണത്തിന് ഒരു വീഡിയോ പ്ലേ ആകുന്നതിന് മുമ്പ് എത്രത്തോളം ബഫർ ചെയ്യണം എന്ന് നിശ്ചയിക്കാം.

യൂട്യൂബ് പ്ലേ ആകുമ്പോൾ അതിൻറെ ഒപ്ഷനുകൾ കാണാൻ വീഡിയോയുടെ മേലെ മൗസ് കൊണ്ടുചെന്നാൽ മതി.

# DOWNLOAD

https://chrome.google.com/webstore/detail/smartvideo-for-youtube/lnkdbjbjpnpjeciipoaflmpcddinpjjp

[ Download Link]

ghs muttom blog